## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1704  03.10.2011 ൽ മറുപടിക്ക്**

### ഇന്ധന നികുതിയിൽ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ.ജെയിംസ് മാത്യു :<br>ശ്രീ.പുരുഷൻ കടലുണ്ടി :<br>ശ്രീ. പി.റ്റി. എ.റഹീം : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഏതെങ്കിലും വിമാനത്തിന് ഇന്ധന നികുതിയിൽ ഇളവ് നൽകുന്നതായി അറിയാമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളെ ബന്ധിപ്പിച്ചുകൊണ്ടു, എയർ ഇന്ത്യ സംസ്ഥാനത്തിനകത്ത് നടത്തുന്ന സർവ്വീസുകൾക്ക് ഇന്ധന നികുതിയിൽ ഒഴിവ് നല്കികൊണ്ടുള്ള ഉത്തരവ് 23/8/2011 - ലെ എസ്. ആർ.ഒ. നമ്പർ 523/2011 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നികുതി ഒഴിവ് 2012 മാർച്ച് 31 വരെ നിലവിലുണ്ട്. ഇതു കൂടാതെ കേരളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എയർ ഇന്ത്യയുടെയും ഇന്ത്യൻ എയർ |

ലൈസൻസിന്റെയും ഇന്റർ നാഷണൽ സർവ്വീസുകൾക്ക് നിറയ്ക്കുന്ന വിമാന ഇന്ധനത്തിന് നികുതി ഒഴിവുണ്ട്. ഈ ഒഴിവ് ലഭിക്കുന്നതിനായി ഇന്ധനം വാങ്ങുന്നവർ നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലുള്ള സർട്ടിഫിക്കറ്റ് ഇന്ധനം വിതരണം ചെയ്യുന്ന ഡീലർ സമർപ്പിക്കേണ്ടതുണ്ട്.

ഇന്ത്യക്ക് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൺവെൻഷൻ ഓൺ ഇന്റർ നാഷണൽ സിവിൽ ഏവിയേഷനിൽ ഉൾപ്പെട്ടതോ, ഇന്ത്യാ രാജ്യവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ വിമാന ങ്ങൾ, ഇന്ത്യയിലേയ്ക്കോ, പുറ ത്തേയ്ക്കോ ഷെഡ്യൂൾഡോ അല്ലാത്തവയോ ആയ ഇന്റർ നാഷണൽ സർവ്വീസ് നടത്തു ന്നതിന് നിറയ്ക്കുന്ന വിമാന ഇന്ധനത്തിന് പർച്ചേസറിൽ

........3

| | | | |
|---|---|---|---|
| | | | നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഫയൽ ചെയ്യണമെന്ന നിബന്ധനയോടെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്പോൾ കേരളത്തിൽ സർവ്വീസ് നടത്തുന്ന മറ്റേതെല്ലാം വാഹനങ്ങൾക്കാണ് ഇന്ധന നികുതിയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുള്ളത് ? | (ബി) | കേരളത്തിൽ സർവ്വീസ് നടത്തുന്ന മറ്റ് വാഹനങ്ങൾക്കൊന്നും ഇന്ധന നികുതിയിൽ ഇളവ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ